5183- D-2016-KSHO

25...11..2016

## സർക്കുലർ

വിഷയം: കുടുംബശ്രീ നിർമ്മാണ യൂണിറ്റുകളുടെ പരിശീലനം - നിർദ്ദേശങ്ങൾ - സംബന്ധിച്ച്

സൂചന: ഈ ഓഫീസിലെ 21/7/2016, 8/9/2016-തീയതികളിലെ ഇതേ നമ്പർ സർക്കുലർ

മേൽ സൂചന പ്രകാരം ഓരോ ജില്ലകളിൽ നിന്നും ഗ്രാമ സിഡിഎസ്സുകളിൽ നിന്ന് കുറഞ്ഞത് 100 വനിതകളെയും നഗര സിഡിഎസ്സുകളിൽ നിന്നും 300 വനിതകളെയും തിരഞ്ഞെടുത്ത് പരിശീലനം നൽകി സംരംഭ ഗ്രൂപ്പായി പ്രവർത്തനക്ഷമമാക്കുന്നതിന് തീരുമാനിച്ചിരുന്നു. ടി പരിശീലനം സമയബന്ധിതമായി പൂർത്തിയാക്കി 2017 -ൽ സംസ്ഥാനത്തൊട്ടാകെ കുടുംബശ്രീ നിർമ്മാണ യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് താഴെപറയുന്ന നിർദ്ദേശങ്ങൾ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർ നടപ്പിലാക്കേണ്ടതാണ്.

1. 30 പേർ അടങ്ങുന്ന ഓരോ ബാച്ചുകളായിട്ടാണ് പരിശീലനം നടത്തേണ്ടത്.30 പേർ ഒരുമിച്ചു ചേരാൻ പറ്റുന്ന തരത്തിൽ ഒരു ബ്ലോക്കിൽ അടുത്തടുത്ത സിഡിഎസ്സുകളിൽ നിന്നോ, നഗരസഭാ തലത്തിൽ നഗരസഭയ്ക്ക് അകത്തുനിന്നോ ആളുകളെ കണ്ടെത്തേണ്ടതാണ്.
2. 25- 45 വയസ്സിനിടയിൽ പ്രായമുള്ള ആരോഗ്യവതികളായ സ്ത്രീകളെ ആയിരിക്കണം തെരഞ്ഞെടുക്കേണ്ടത്. തൊഴിലുറപ്പു പദ്ധതിയിൽ പ്രവർത്തന പരിചയമുള്ളവർക്ക് മുൻഗണന നല്കേണ്ടതാണ്. ഒരു യൂണിറ്റിൽ തെരഞ്ഞെടുക്കുന്ന പരിശീലനാർത്ഥികളിൽ സിവിൽ മേഖലയിൽ അധിക വിദ്യാഭ്യാസ യോഗ്യതയുള്ള ഒരാളെയെങ്കിലും ഉൾപ്പെടുത്താൻ ഡിഎംസിമാർ ശ്രദ്ധിക്കണം.

3. കെട്ടിടങ്ങൾ, വീടുകൾ, റോഡുകൾ, ജലസേചനം തുടങ്ങിയ മേഖലകളിലെ നിർമ്മാണവുമായി ബന്ധപ്പെട്ട് വൈദഗ്ദ്ധ്യ പരിശീലനം നൽകുന്നതിനാണ് പദ്ധതി.
4. പരിശീലനം ലഭിച്ച ആളുകളെ ഉൾപ്പെടുത്തി ബ്ലോക്ക്, നഗരസഭാ തലത്തിൽ ഗ്രൂപ്പുകളായി രൂപീകരിച്ച് ഇവരെ തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിലുള്ള അംഗീകൃത കമ്മ്യൂണിറ്റി കോൺട്രാക്ടിംഗ് ഗ്രൂപ്പുകളായി മാറ്റാനാണഅ ലക്ഷ്യമിടുന്നതാണ്.
5. ടി പരിശീലന പദ്ധതിയുടെ നേരിട്ടുള്ള മേൽനോട്ടത്തിന് ജില്ലയിലെ ഒരു എഡിഎംഎസ്സിയെ ചുമതലപ്പെടുത്തി സംസ്ഥാന മിഷനിൽ അറിയിക്കേണ്ടതാണ്.
6. എല്ലാ ജില്ലകളിലും, നിലവിൽ തെരഞ്ഞെടുത്ത ഏജൻസികളുമായി സംസ്ഥാന മിഷനിൽ നിന്നും അംഗീകരിച്ചു നൽകിയ എംഒയു പ്രകാരം ആദ്യ ബാച്ച് 30 ദിവസം പരിശീലനം 01/01/2017-ൽ പൂർത്തീകരിച്ച് യൂണിറ്റ് തല വിവരങ്ങൾ (സംസ്ഥാന മിഷനിൽ നിന്നും നൽകുന്ന ഫോർമാറ്റിൽ) kshreenirman@gmail.com എന്ന ഇ-മെയിലിൽ സമർപ്പിക്കേണ്ടതാണ്. ഇതുവരെ പരിശീലനം തുടങ്ങാത്ത ജില്ലകൾ (കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോഴിക്കോട്) 1/12/2016-ൽ പരിശീലനം തുടങ്ങുന്നുവെന്ന് ഡിഎംസിമാർ ഉറപ്പുവരുത്തേണ്ടതാണ്. നിലവിൽ പരിശീലനം നടത്തുന്ന ഏജൻസികളുമായി കരാറിൽ ഏർപ്പെട്ട എംഒയുടെ പകർപ്പുകൾ 2016 ഡിസംബർ 20-ന് മുമ്പ് ഡിഎംസിമാർ (സ്കാൻ ചെയ്ത് ഇ-മെയിലിൽ) സംസ്ഥാന മിഷന് സമർപ്പിക്കേണ്ടതാണ്. എല്ലാ ജില്ലകളിലേയും ആദ്യ ഘട്ട പരിശീലനത്തിനു ശേഷം, പരിശീലനത്തിന്റെ നിലവിലുള്ള മൊഡ്യൂൾ സംബന്ധിച്ച് ഏജൻസികളും, പരിശീലനാർത്ഥികളും ബന്ധപ്പെട്ടവരുമായി സംസ്ഥാന മിഷൻ ചർച്ച് നടത്തി ആവശ്യമായ മാറ്റങ്ങൾ വരുത്തി അടുത്ത ഘട്ടം പരിശീലനം തുടരുന്നതാണ്.
7. നിലവിൽ നിർദ്ദേശിക്കപ്പെട്ട 30 ദിവസത്തെ പരിശീലനത്തിന് കുടുംബശ്രീ പ്ലാൻ ഫണ്ട് വിഹിതത്തിലെ പ്രാദേശിക സാമ്പത്തിക വികസനത്തിലെ. സ്കിൽ ട്രെയിനിംഗ് എന്ന ഉപശീർഷകത്തിൽ നിന്നും നിലവിലുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ചെലവാക്കാവുന്നതാണ്.

8. നിലവിൽ പരിശീലനം നൽകുന്ന 30 പേരെ കൂടാതെ കൂടുതൽ ആളുകളെ ജില്ലയിൽ തെരഞ്ഞെടുത്തുണ്ടെങ്കിൽ, അവരുടെ എണ്ണം 2016 നവംബർ 30-നകം സംസ്ഥാന മിഷനിൽ ലഭ്യമാക്കേണ്ടതാണ്. ഇവർക്ക് പരിശീലനം നൽകേണ്ട വിശദാംശങ്ങൾ ടി ഡാറ്റാ കിട്ടയ ഉടനെ നൽകുന്നതാണ്.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

1. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
2. അക്കൗണ്ട്സ് ഓഫീസർ, സംസ്ഥാന മിഷൻ, കുടുംബശ്രീ.
3. എക്സിക്യൂട്ടീവ് ഡയറക്ടറുടെ പി.എയ്ക്ക്

പകർപ്പ്

കരുതൽ/അധികം